LIBRARY ARCHIVES Kerala Legislative Assembly

കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ ചെലവുകളിലെ ക്രമക്കേടുകൾ പരിശോധിക്കാൻ നടപടി

137 [1714] ശ്രീ. കെ. മുഹമ്മദാലി:

" പ്രയാർ ഗോപാലകൃഷ്ണൻ:

" എ. പി. അനിൽകുമാർ:

" വി. ഡി. സതീശൻ:

" കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ടാങ്കറിൽ വെള്ളം കൊണ്ടുവരിക, അറ്റകുറ്റപ്പണികൾ നടത്തുക എന്നിവയ്ക്കു വേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ചെലവുകളുടെ വൗച്ചറുകളും രസീതുകളും സൂക്ഷിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച ക്രമക്കേടുകൾ നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) താൽക്കാലിക കണക്ക് പ്രകാരം ടാങ്കറിൽ വെള്ളം കൊണ്ടുവന്ന വകയിൽ 18,400 രൂപ ചെലവായിട്ടുണ്ട്. പേ വാർഡുകളിലെ അറ്റകുറ്റപ്പണികൾ നടത്തിയ വകയിൽ ആകെ 212 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) ഉണ്ട്. എന്നാൽ തിരുവനന്തപുരം റീജിയണൽ എഞ്ചിനീയറുടെ ഇന്റസ്റ്റിൽ നിന്നും 2001 ഏഴാം മാസം ടാങ്കർ ലോറിയിൽ വെള്ളം കൊണ്ടു വന്നതു സംബന്ധിച്ച് 8 വൗച്ചറുകൾ കാണാതായിട്ടുണ്ട്. ഇതു സംബന്ധിച്ച് പോലീസിൽ പരാതി നൽകിയിട്ടുണ്ട്.

(സി) ടാങ്കർ ലോറിയിൽ വെള്ളം കൊണ്ടുവന്നതിൽ ക്രമക്കേടുണ്ടെന്ന ആരോപണം ബഹു. ലോകായുക്തയിൽ നിലവിലുള്ള കേസിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

കെ.എസ്.ഡി.പി. ആരോഗ്യവകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം

138 [1716] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഡി.പി. ആരോഗ്യ വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശമുണ്ടോ;

(ബി) ഇതിനായി എന്തെങ്കിലും പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) കെ.എസ്.ഡി.പി. ആരോഗ്യ വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

ആശുപത്രികളുടെ ആവശ്യങ്ങൾക്കുവേണ്ടി ഖാദി-കൈത്തറി തുണികൾ വാങ്ങാൻ നടപടി

139 [1717] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് 'ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉൽപ്പാദനം നടത്തുന്ന ഖാദി-കൈത്തറി വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്ത് ഗവൺമെന്റ് ആശുപത്രികൾക്ക് വേണ്ടിവരുന്ന തുണിത്തരങ്ങൾ ഖാദി-കൈത്തറി മേഖലയിൽ നിന്നും വാങ്ങാനുള്ള നടപടികൾ കൈക്കൊള്ളുമോ;

(ബി) ഗവൺമെന്റ് ആശുപത്രികളുടെ ആവശ്യങ്ങൾക്കുവേണ്ടി ഖാദി-കൈത്തറി തുണികൾ ഇപ്പോൾ വാങ്ങുന്നുണ്ടോ;

(സി) കഴിഞ്ഞ മൂന്നു വർഷങ്ങളിലായി എത്ര രൂപയുടെ തുണിത്തരങ്ങൾ ആശുപത്രി ആവശ്യത്തിനുവേണ്ടി വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; വർഷം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുൻ വർഷങ്ങളിൽ ഗവൺമെന്റ് ആശുപത്രിക്കാവശ്യമായ തുണിത്തരങ്ങൾ ഖാദി-കൈത്തറി മേഖലകളിൽ നിന്നും തന്നെയാണ് വാങ്ങിയിരുന്നത്.

(ബി) ഉണ്ട്.

(സി) കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ആകെ 1,10,53,550 (ഒരു കോടി പത്തുലക്ഷത്തി അമ്പത്തി മൂവായിരത്തി അഞ്ഞൂറ്റി അമ്പത് രൂപ) രൂപയുടെ തുണിത്തരങ്ങൾ വാങ്ങിയിട്ടുണ്ട്:

2001-2002	വർഷം	. . 26,37,000	രൂപ
2002-2003	,,	. . 31,63,500	,,
2003-2004	,,	. . 52,53,050	,,

LIBRARY ARCHIVES Kerala Legislative Assembly